**തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ&ജില്ലാ കളക്ടറുടെ നടപടിക്രമം**

(സാന്നിദ്ധ്യം: എസ്.ഷാനവാസ് , ഐ.എ.എസ്)

വിഷയം : ദുരന്ത നിവാരണം - ന്യൂനമർദ്ദം - തൃശ്ശൂർ ജില്ലയിലും സമീപ ജില്ലകളിലും അതിതീവ്രമഴക്കുള്ള റെഡ് അലെർട്ട് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

പരാമർശം: 1.സർക്കാരിന്റെ 09.05.2019 തിയതിയിലെ GO.(Rt)No.280/2019/DMD നമ്പർ ഉത്തരവ്

2.കേരള സർക്കാരിന്റെ 2020 ലെ കാലവർഷ തുലാവർഷ മുന്നൊരുക്ക ദുരന്തപ്രതികരണ മാർഗ്ഗരേഖ(ഓറഞ്ച് ബുക്ക്)

3.സംസ്ഥാനദുരന്തനിവാരണ അതോറിറ്റി 20.09.20 തിയതി ഉച്ചക്ക് 1.00 മണിക്ക് പുറപ്പെടുവിച്ച മുന്നറിയിപ്പ്

4.കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം 20.09.20 തിയതി 13.00 മണിക്ക് പ്രവചിച്ച മഴ മുന്നറിയിപ്പ്

**<u>ഉത്തരവ് നമ്പർ കെ1-4286 / 2020 തിയതി : 20.09.2020</u>**

കേരളത്തിൽ തൃശ്ശൂർ അടക്കമുള്ള മിക്ക ജില്ലകളിലും അടുത്ത ദിവസങ്ങളിൽ തീവ്രവും അതിതീവ്രവുമായ മഴക്ക് സാധ്യതയുണ്ടെന്നും അടുത്ത ഏതാനും ദിവസങ്ങളിൽ ഒന്നിൽ കൂടുതൽ ന്യൂനമർദ്ദങ്ങൾ രൂപപ്പെടാനുള്ള സാധ്യതയുണ്ടെന്നും പരാമർശം3 പ്രകാരം സംസ്ഥാനദുരന്തനിവാരണഅതോറിറ്റി മുന്നറിയിപ്പ് നൽകിയിട്ടുള്ളതാണ്. അതിതീവ്രമഴക്കുള്ള സാദ്ധ്യത കണക്കിലെടുത്ത് തൃശ്ശൂർ ജില്ലയിൽ 20.09.20 ന് റെഡ് അലെർട്ടും 21.09.20 ന് ഓറഞ്ച് അലെർട്ടും പരാമർശം 4 പ്രകാരം കേന്ദ്രകാലാവസ്ഥാനിരീക്ഷണകേന്ദ്രം പ്രവചിച്ചിട്ടുള്ളതാണ്. ജില്ലയിലെ എല്ലാ ഡാമുകളും അതിന്റെ പരമാവധി ജലനിരപ്പിനോടടുത്തിട്ടുള്ളതാണ്. ചാലക്കുടിപ്പുഴയിലേക്ക് വെള്ളം ഒഴുകിവരുന്ന തമിഴ്നാട്ടിലെ ഷോളയാർ, പറമ്പിക്കുളം ഡാമുകൾ

നിലവിൽ തുറന്ന് വെള്ളം പുറത്തേക്ക് ഒഴുക്കികൊണ്ടിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിൽ അതിതീവ്രമഴക്കുള്ള സാദ്ധ്യത കണക്കിലെടുത്ത്, ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ചെയർപേഴ്സണും ജില്ലാ കളക്ടറുമായ എസ്.ഷാനവാസ്, ഐ.എ.എസ് എന്ന ഞാൻ ദുരന്തനിവാരണ ആക്റ്റ് 2005 ലെ സെക്ഷൻ 26(2) പ്രകാരം എന്നിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് സെക്ഷൻ 30(2)(V),34(a),(b),(c),(d),(e),(f),(g),(h),(i),(j),(k),(m) എന്നിവ പ്രകാരം തൃശ്ശൂർ ജില്ലയിലെ മലയോരപ്രദേശങ്ങളിലൂടെയുള്ള രാത്രികാലയാത്ര (വൈകുന്നേരം 07.00 മണി മുതൽ രാവിലെ 6.00 മണി വരെ)താത്കാലികമായി നിരോധിച്ച് ഇതിനാൽ ഉത്തരവാകുന്നു.

കൊവിഡ്-19, ദുരന്തനിവാരണം എന്നിവയുമായി ബന്ധപ്പെട്ട പ്രതിരോധപ്രവർത്തനങ്ങളിൽ ഏർപ്പെട്ട ആരോഗ്യം, പോലീസ്, ഫയർ&റെസ്ക്യൂ, റവന്യൂ, തദ്ദേശസ്വയംഭരണം, കെ.എസ്.ഇ.ബി, സിവിൽ സപ്ലൈസ്, വാട്ടർ അതോറിറ്റി, കെ.എസ്.ആർ.ടി.സി എന്നിവ ഉൾപ്പെടെയുള്ള അവശ്യസർവ്വീസുകളിലെ ജീവനക്കാർക്ക് ഔദ്യോഗിക ആവശ്യങ്ങൾക്ക് മാത്രം പ്രസ്തുത സമയത്ത് യാത്ര ചെയ്യുന്നതിന് ഇളവ് അനുവദിക്കുന്നു.

വയൽപ്രദേശം, മലയോരം, പുഴയുടെ തീരം, മണ്ണിടിച്ചിൽസാധ്യതയുള്ള പ്രദേശങ്ങളായി വിദഗ്ദസമിതി കണ്ടെത്തിയ പ്രദേശങ്ങൾ തുടങ്ങിയ ദുരന്തസാധ്യത മേഖലകളിൽ ഉള്ളവരെ ഉടൻതന്നെ മുൻകരുതലിന്റെ ഭാഗമായി ബന്ധുവീടുകളിലേക്കോ കോവിഡ് മാനദണ്ഡപ്രകാരമുള്ള ക്യാമ്പുകളിലേക്കോ മാറ്റേണ്ടതാണ്. രാത്രിസമയങ്ങളിൽ മഴ ശക്തിപ്പെടുന്ന സാഹചര്യം കാണുന്നതിനാൽ ഉരുൾപൊട്ടൽ,

മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ നിന്ന് മുൻകരുതലായി പകൽസമയം തന്നെ നിർബന്ധപൂർവ്വം ആളുകളെ മാറ്റി താമസിപ്പിക്കേണ്ടതാണ്. ലയങ്ങളിലും മറ്റും താമസിക്കുന്ന തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് കമ്പനി മാനേജർമാർക്ക് അതാത് തഹസിൽദാർമാർ നിർദ്ദേശം നൽകേണ്ടതാണ്. അതിശക്തമായ മഴ ലഭിക്കുന്ന സാഹചര്യം മൂലം ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം തുടങ്ങിയ ദുരന്തങ്ങളുണ്ടാകാൻ സാധ്യത കൂടുതലുള്ളതിനാൽ ഇത് മുന്നിൽ കണ്ട് കൊണ്ടുള്ള തയ്യാറെടുപ്പുകൾ നടത്തേണ്ടതും വരും ദിവസങ്ങളിലെ ദിനാന്തരീക്ഷാവസ്ഥയും കാലാവസ്ഥാ മുന്നറിയിപ്പുകളും സൂക്ഷ്മമായി വിലയിരുത്തേണ്ടതുമാണ്. പുഴകളിൽ ഇറങ്ങുന്നതും കുളിക്കുന്നതും മത്സ്യബന്ധനം നടത്തുന്നതും കർശനമായി വിലക്കേണ്ടതാണ്.

ഡാമുകളിലെ റൂൾ കർവുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെറിയ ഡാമുകളിൽ നേരത്തെതന്നെ തയ്യാറെടുപ്പുകൾ നടത്താനും കെ.എസ്.ഇ.ബി, ഇറിഗേഷൻ വകുപ്പുകൾ ശ്രദ്ധിക്കേണ്ടതാണ്. ഡാമുകളിലെ ജലവിതാനം ഓരോമണിക്കൂറിലും ജില്ലാകൺട്രോൾ റൂമിലേക്ക് അറിയിക്കേണ്ടതാണ്.

താലൂക്ക് കൺട്രോൾ റൂമുകളും ജില്ലാകൺട്രോൾ റൂമും 24*7 മണിക്കൂറും പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഡെപ്യൂട്ടിതഹസിൽദാരുടെ നേതൃത്വത്തിൽ മതിയായ ജീവനക്കാർ താലൂക്ക് കൺട്രോൾ റൂമുകളിൽ ഉണ്ടായിരിക്കേണ്ടതാണ്. അതിശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ദുരന്തപ്രതികരണസംവിധാനങ്ങളെ അലേർട്ട് ആക്കി നിർത്തേണ്ടതാണ്.

ജില്ലയിലെ മണ്ണെടുപ്പ്, പാറ ഖനനം, മണലെടുപ്പ് എന്നിവ താത്കാലികമായി നിർത്തിവെക്കേണ്ടതാണ്.

മലമ്പുഴ ഡാം തുറന്നിട്ടുള്ള സാഹചര്യത്തിൽ ചെമ്മണാംകുന്ന് റെഗുലേറ്റർ, ചെറുതുരുത്തി ചെക്ക്ഡാം എന്നിവിടങ്ങളിൽ സർക്കാർ അനുമതിയോടെ നടക്കുന്ന മണലെടുപ്പ് നിർത്തിവെക്കേണ്ടതാണ്.

കടൽ പ്രക്ഷുബ്ധമായതിനാൽ കടലിൽ ബോട്ടുകൾ പോകുന്നില്ല എന്നും പോയ ബോട്ടുകൾ തിരികെ വന്നു എന്നും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ അഴിക്കോട്, മുനക്കകടവ് കോസ്റ്റൽ പോലീസ് ഇൻസ്പെക്ടർമാർ എന്നിവർ ഉറപ്പ് വരുത്തേണ്ടതാണ്. കടലിൽ ആളുകൾ ഇറങ്ങാതെ നോക്കുന്നതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട പോലീസ് ഇൻസ്പെക്ടർമാർ സ്വീകരിക്കേണ്ടതാണ്.

കോൾപാടങ്ങളിലെ വെള്ളച്ചാലുകളിലെ കുളവാഴ, ചണ്ടി എന്നിവ നീക്കംചെയ്ത് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടികൾ കെ.എൽ.ഡി.സി കൺസ്ട്രക്ഷൻ എഞ്ചിനീയർ, ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ സ്വീകരിക്കേണ്ടതാണ്.

കൂടാതെ പരാമർശം 3 ൽ പറഞ്ഞിരിക്കുന്ന ഓറഞ്ച് ബുക്ക് പ്രകാരമുള്ള എല്ലാ മുൻകരുതലുകളും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ ഉത്തരവുകൾ കർശനമായി നടപ്പിലാക്കുന്നതിന് ജില്ലാ പോലീസ് മേധാവികൾ, സബ് ഡിവിഷണൽ മജിസ്ട്രേറ്റുമാർ, ഇൻസിഡന്റ് കമാന്ററർമാർ കൂടിയായ തഹസിൽദാർമാർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ജിയോളജിസ്റ്റ്, ഇറിഗേഷൻ

എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ഇടമലയാർ ഡാംസേഫ്റ്റി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോസ്റ്റൽ പോലീസ് ഇൻസ്പെക്ടർമാർ എന്നിവരെ ചുമതലപ്പെടുത്തുന്നു.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ ലംഘിക്കുന്നവരും ലംഘിക്കുവാൻ പ്രേരിപ്പിക്കുന്നവരും ദുരന്ത നിവാരണ ആക്റ്റ് 2005 ലെ ചാപ്റ്റർ X പ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയരായിരിക്കും.

(ഒപ്പ്)

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ&ജില്ലാ കളക്ടർ, തൃശ്ശൂർ

സ്വീകർത്താവ് :

1. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ (സിറ്റി / റൂറൽ )

2. സബ് കളക്ടർ, തൃശ്ശൂർ

3. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇരിങ്ങാലക്കുട

4. എല്ലാ താലൂക്ക് തഹസിൽദാർമാർക്കും

5. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, തൃശ്ശൂർ

5. ജിയോളജിസ്റ്റ്, തൃശ്ശൂർ

6. ജില്ലാ ഫയർ ഓഫീസർ, തൃശ്ശൂർ

7. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇടമലയാർ ഡാം സേഫ്റ്റി സബ് ഡിവിഷൻ

8. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മേജർ/മൈനർ/അഡീഷണൽ ഇറിഗേഷൻ

9. ഇൻസ്പെക്ടർ, കോസ്റ്റൽ പോലീസ് സ്റ്റേഷൻ, അഴിക്കോട്/മുനക്കകടവ്

10. കൺസ്ട്രക്ഷൻ എഞ്ചിനീയർ, കെ.എൽ.ഡി.സി

11. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

പകർപ്പ് :

1. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ-ദുരന്ത നിവാരണ വകുപ്പ് } ആമുഖ കത്ത് സഹിതം
2. കമ്മീഷണർ, ദുരന്തനിവാരണം } ആമുഖ കത്ത് സഹിതം
3. സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം
4. ജില്ലാ കളക്ടർ, എറണാകുളം
5. ഡെപ്യൂട്ടി കളക്ടർ(ഡി.എം), കളക്ടറേറ്റ്, തൃശ്ശൂർ
6. ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം),തൃശ്ശൂർ
7. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ }- ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുന്നതിന്
8. സെക്രട്ടറി,വടക്കാഞ്ചേരി/കുന്നംകുളം/ഗുരുവായൂർ/ചാവക്കാട്/കൊടുങ്ങല്ലൂർ/ഇരിങ്ങാലക്കുട/ചാലക്കുടി മുനിസിപ്പാലിറ്റി
9. ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് } **പൊതുജനങ്ങളും കുട്ടികളും പുഴയിൽ ഇറങ്ങുന്നതിനും പുഴയിൽ കുളിക്കുന്നതിനും വസ്ത്രങ്ങൾ അലക്കുന്നതിനും കർശന നിയന്ത്രണം ഏർപ്പെടുത്തേണ്ടതും ഇതു സംബന്ധിച്ച മുന്നറിയിപ്പ് അനൌൺസ്മെന്റ് മുഖേന ജനങ്ങൾക്ക് നൽകേണ്ടതുമാണ്.**
10. ജില്ലാ ഇൻഫോർമേഷൻ ഓഫീസർ }- ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴി ആവശ്യമായ മുന്നറിയിപ്പ് നൽകുന്നതിനായി.
11. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വാഴച്ചാൽ / ചാലക്കുടി. }- ചാലക്കുടി പുഴയുടെ തീരത്തുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിയന്തിരമായി കർശന നിയന്ത്രണവും സുരക്ഷയും ഏർപ്പെടുത്തേണ്ടതാണ്.
12. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ,തൃശ്ശൂർ - വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
13. സെക്രട്ടറി, ജില്ലാ ടൂറിസം പ്രൊമോഷൻ കൌൺസിൽ, തൃശ്ശൂർ.
14. കരുതൽ ഫയൽ കെ.1

ഉത്തരവിൻപ്രകാരം,

ഡെപ്യൂട്ടി കളക്ടർ (ഡി എം) & സി ഇ ഒ, ജില്ലാ ദുരന്തനിവാരണഅതോറിറ്റി, തൃശ്ശൂർ